(സി) രോഗികൾക്ക്, പുറത്തേക്ക് മരുന്ന് കുറിച്ചുകൊടുക്കുന്ന സാഹചര്യം ഉണ്ടാകാതിരിക്കാൻ വേണ്ടിയാണ് സർക്കാർ പ്രാഥമിക ആരോഗ്യ കേന്ദ്രം മുതൽ മെഡിക്കൽ കോളേജ് വരെ സൗജന്യ ജനറിക് മരുന്ന് വിതരണ പദ്ധതിക്ക് തുടക്കമിട്ടത്. ഇതിന്റെ ഭാഗമായി 698 ജനറിക് മരുന്നുകളാണ് ആരോഗ്യ വകുപ്പിലെ വിവിധ ആശുപത്രികളിലായി സൗജന്യമായി വിതരണം ചെയ്യുന്നത്. ഇതിനുപുറമെ കാൻസർ ചികിത്സയ്ക്കുള്ള 73 ഇനം മരുന്നുകളും സൗജന്യമായി നൽകിവരുന്നു. ഏതെങ്കിലും സാഹചര്യത്തിൽ മരുന്ന് ലഭ്യമല്ലെങ്കിൽ ലോക്കൽ പർച്ചേയ്സ് മുഖേന ഇത് ലഭ്യമാക്കാൻ വേണ്ട നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തെ ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള എല്ലാ ഡോക്ടർമാരും ഇന്ത്യൻ മെഡിക്കൽ കൗൺസിലിന്റെ ഖണ്ഡിക 1.5 പ്രകാരം ജനറിക് മരുന്നുകൾതന്നെ രോഗികൾക്ക് കുറിച്ച് നല്കണമെന്ന് ആരോഗ്യ വകുപ്പ് ഡയറക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്.

ജലവിമാന സർവ്വീസ് പദ്ധതി

13 (*223) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. വി. ഡി. സതീശൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജലവിമാന സർവ്വീസ് പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വിശദമാക്കുമോ ;

(സി) പ്രധാന ടൂറിസം സെന്ററുകളെ ബന്ധപ്പെടുത്താനും അതുവഴി ടൂറിസം മേഖലയ്ക്ക് ഉണർവ് നൽകാനും എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കുമോ ;

(ഡി) പദ്ധതി എന്ന് മുതൽ ആരംഭിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ?

പട്ടികജാതി പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽകുമാർ) :

LIBRARY ARCHIVES Kerala Legislative Assembly